MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

Circular to All Sunday Schools
and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

MJSSA HEAD QUARTERS & CAMPSITE,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 9446138868

Circular No.: M/C/06/ 2024

22-04-2024

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവകൃപയാൽ എം.ജെ.എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾ ഏറെ ഭംഗിയായി നടത്തുന്നതിന് നിങ്ങളേവരും കാണിക്കുന്ന ആത്മാർത്ഥമായ സഹകരണത്തെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. കേന്ദ്രകമ്മിറ്റി കൈക്കൊണ്ട പ്രാധാന തീരുമാനങ്ങളും നടത്തിപ്പുകളും സംബന്ധിച്ചുള്ള വിവരങ്ങൾ ഈ സർക്കുലർ മുഖേന അറിയിക്കുന്നു. എല്ലാവരുടേയും ആത്മാർത്ഥമായ സഹായം തുടർന്നും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അറിയിക്കുന്നു. ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയോടെ നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാം. കൂട്ടായപ്രവർത്തനങ്ങളിലൂടെ വിജയം കൈവരിക്കുവാൻ ദൈവംതമ്പുരാൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**1. പെന്തിക്കോസ്തികാണിക്ക**

എം.ജെ.എസ്.എസ്.എ. യുടെ പ്രവർത്തനഫണ്ട് എന്ന് പറയുന്നത് പരിശുദ്ധ സഭയിലെ ബഹു.പള്ളികളിൽ നിന്നും ആണ്ട്തോറും അയച്ചുതരുന്ന പെന്തിക്കോസ്തികാണിക്ക ആണെന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണല്ലോ. ആയതു സംബന്ധിച്ചുള്ള ശ്രേഷ്ഠ ബാവാ തിരുമേനിയുടെ കല്പന എല്ലാ പള്ളികൾക്കും അയച്ചിട്ടുണ്ട്. എല്ലാ പള്ളികളിലും കല്പന വായിക്കുന്നതിനും അന്നേദിവസമോ അതിനടുത്ത ദിവസമോ തുക കളക്ട്ചെയ്ത് എം.ജെ.എസ്.എസ്.എ.യിൽ ഏല്പ്പിക്കുന്നതിനും, ഹെഡ്മാസ്റ്റർമാർ ബഹുമാനപ്പെട്ട വികാരിമാരുമായി മുൻകൂട്ടി സംസാരിക്കുകയും ആവശ്യമായ ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്. കാണിക്കയായി ലഭിക്കുന്ന തുക താമസംവിനാ എം.ജെ.എസ്.എസ്.എ.യിൽ നേരിട്ട് എത്തിക്കുകയോ എം.ജെ.എസ്.എസ്.എ.യുടെ പേരിലുള്ള ഫെഡറൽ ബാങ്ക് പുത്തൻകുരിശ് ശാഖയിൽ **Account No. 12230100086304 (IFS Code FDRL0001223),** യൂണിയൻ ബാങ്ക് പുത്തൻകുരിശ് ശാഖയിൽ **Account No. 338802010007553 (IFS Code UBIN0533882)** ഏതെങ്കിലും ബാങ്കിൽ അടച്ച് വിവരം എം.ജെ.എസ്.എസ്.എ. ഓഫീസിൽ **8078157150** എന്ന നമ്പറിൽ വിളിച്ചറിയിക്കുകയോ, വാട്ട്സാപ്പിൽ അയക്കുകയോ ചെയ്യേണ്ടതാണ്. ഹെഡ്മാസ്റ്റർമാരും ഡി.ഇൻസ്പെക്ടർമാരും ഭദ്രാസനഡയറക്ടർമാരും ആയതിന് ഉത്സാഹിക്കണമെന്ന് അറിയിക്കുന്നു.

**2. സൺഡേസ്കൂളുകൾ**

എം.ജെ.എസ്.എസ്.എ.യിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സൺഡേസ്ക്കൂളുകൾ പ്രവർത്തനരഹിതമെങ്കിൽ ആയത് ഡി.ഇൻസ്പെക്ടർമാരും, ഭദ്രാസന ഡയറക്ടർമാരും കൂടി പരിശോധിച്ച് രേഖാമൂലം ജനറൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

**3. സബ്കമ്മിറ്റികൾ**

2024 മാർച്ച് 8 ൽ കൂടിയ സെൻട്രൽകമ്മിറ്റി, 24.06.2024 മുതൽ ഒരു വർഷത്തേയ്ക്കുള്ള സബ്കമ്മിറ്റികൾ രൂപീകരിച്ചു.

1. **പരീക്ഷാ ബോർഡ് –** 1. ശ്രി. എം.കെ. വർഗ്ഗീസ് (കൺട്രോളർ), 2. ശ്രി. പി.വി. ജേക്കബ്, 3. ശ്രി. പി.സി. ഏലിയാസ്, 4. ശ്രി. വി.പി.ജോയി, 5. ശ്രി. കോരാ സി. കുന്നുംപുറം, 6. ശ്രി.എബി മാത്യു, 7. ശ്രി. ബിജു ജോൺ 8. ശ്രി.എം.വി.ഏലിയാസ്

2. **എം.ജെ.എസ്.എസ്.എ. കലോൽസവം –** 1. ശ്രി.ജോസ് പനച്ചക്കൽ, 2. ശ്രി.റോയ്സ് മാത്യു, 3. ശ്രി.ബിനു മാത്യു, 4. ശ്രി.ബിനോയ് പി. ജോർജ്, 5. അഡ്വ.കെ.ഐ. ജോയി, 6. ശ്രി.എം.പി. മാണി, 7. ശ്രി. ബെന്നി സി.പി., 8. ശ്രി. ഇ.പി.ബേബി

3. **ജെ.എസ്.വി.ബി.എസ്** 1. ശ്രി. പി.വൈ. ജോൺസൺ (കൺവീനർ ദക്ഷിണമേഖല), 2. ശ്രി. പി.വി.ജേക്കബ് (കൺവീനർ മദ്ധ്യമേഖല), 3. ശ്രി. അനിൽ ജേക്കബ് (കൺവീനർ ഉത്തരമേഖല), 4. ശ്രി.എൻ.ടി. പൗലോസ്, 5. ശ്രി.എ.പി.ബേബി, 6. ശ്രി.ജോൺ ജോസഫ്, 7. ശ്രി. ബിജു കെ. തമ്പി.

മറുപുറം

**4. വാർഷിക പൊതുയോഗം**

2024 ജൂൺ 8 ശനിയാഴ്ച കേന്ദ്രപൊതുയോഗം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വാർഷിക റിപ്പോട്ടിൽ ചേർക്കുവാനുള്ള ഭദ്രാസന റിപ്പോർട്ടുകൾ ഏപ്രിൽ 30 നകം കേന്ദ്രഓഫീസിൽ എത്തിക്കുവാൻ ഡയറക്ടർമാർ ശ്രദ്ധിക്കുമല്ലോ.

**5. ഡേ ഓഫ് ഗിവിംഗ്**

2024 ജെ.എസ്.വി.ബി.എസ്. കേന്ദ്രങ്ങളിൽ നിന്നുള്ള ഡേ ഓഫ് ഗിവിംഗ് മുഴുവനായും കേന്ദ്രഓഫീസിൽ എത്തിക്കുവാൻ സ്നേഹത്തോടെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. പ്രസ്ഥാനത്തിന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള ഏകധനാഗമന മാർഗ്ഗം അതാകുന്നുവല്ലോ.

**6. വർഷാരംഭസ്റ്റേറ്റ്മെന്റ്**

ഇനിയും വർഷാരംഭസ്റ്റേറ്റ്മെന്റ് നൽകാത്ത ഡിസ്ട്രിക്റ്റുകൾ ഏപ്രിൽ 30 നകം നിർബന്ധമായും എം.ജെ.എസ്.എസ്.എ.യിൽ എത്തിച്ചിരിക്കണം.

**7. അദ്ധ്യാപകരുടെ സ്പെഷ്യൽ ഡ്യൂട്ടികൾ**

സൺഡേസ്കൂൾ സംബന്ധമായ പ്രോഗ്രാമുകൾക്ക് പോകുന്ന കേന്ദ്ര/ഭദ്രാസന/ഡിസ്ട്രിക്റ്റ് ഭാരവാഹികളായ അദ്ധ്യാപകർക്കും എം.ജെ.എസ്.എസ്.എ. കലോത്സവ ജഡ്ജസായി പോകുന്ന അദ്ധ്യാപകർക്കും പ്രസ്തുത ദിവസങ്ങളിൽ ഡ്യൂട്ടി പരിഗണിച്ച് സൺഡേസ്ക്കൂളിൽ ഹാജർ നൽകേണ്ടതും ആയത് അദ്ധ്യാപകർ അതാത് ഹെഡ്മാസ്റ്റർമാരെ വിവരം അറിയിക്കേണ്ടതുമാണ്.

എം.ജെ.എസ്.എസ്.എ.യുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഏവരുടേയും ഒരുമിച്ചുള്ള സഹായസഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

എന്ന് കർത്തൃശുശ്രൂഷയിൽ എളിയപ്രവർത്തകൻ

**ജനറൽ സെക്രട്ടറി**
**പി. വി. ഏലിയാസ്**